സിവിൽ സ്റ്റേഷനുകളുടെ പണി

4 [556] ശ്രീ. പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ:
„ പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻകുട്ടി:
„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സിവിൽ സ്റ്റേഷനുകൾ പണിതുകഴിഞ്ഞോ;

(ബി) ഇല്ലെങ്കിൽ എവിടെയെല്ലാം ഇതിന്റെ പണി തീരാനുണ്ട്;

(സി) എവിടെയെങ്കിലും സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കാതെയുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാം;

(ഇ) എല്ലാ ജില്ലകളിലും സിവിൽ സ്റ്റേഷൻ ജോലി പൂർത്തിയാക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) തിരുവനന്തപുരം ജില്ല ഒഴികെ മറ്റെല്ലാജില്ലകളിലും സിവിൽ സ്റ്റേഷനുകൾ നിലവിലുണ്ട്.

(ഇ) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തിരുവനന്തപുരത്ത് സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുന്നതാണ്.

യു.ഡി.സി./എസ്.വി.ഒ.-മാരുടെ സീനിയോറിറ്റി ലിസ്റ്റ്

5 [557] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ 1-6-1998-ന് ശേഷമുള്ള യു.ഡി.സി./എസ്.വി.ഒ.-മാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) സ്ഥിരം ലിസ്റ്റാണോ, താൽക്കാലിക ലിസ്റ്റാണോ നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽനിന്നും ആർക്കെങ്കിലും വി.ഒ./എച്ച്.സി.-യായി പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഏതു റാങ്കുവരെയുള്ളവർക്കാണ് ഇപ്പോൾ പ്രമോഷൻ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(എഫ്) വി.ഒ./എച്ച്.സി. തസ്തികയിൽ ഏറ്റവും അവസാനമായി പ്രമോഷൻ നൽകിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) വി.ഒ./എച്ച്.സി. തസ്തികകളിൽ ഇപ്പോൾ എതെല്ലാം പോസ്റ്റുകളിൽ ഒഴിവുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കോപ്പി അനുബന്ധം I ആയി ചേർക്കുന്നു.†

(സി) താൽക്കാലിക ലിസ്റ്റാണ്.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) വി.ഒ./എച്ച്.സി./ആർ.ഐ. തസ്തികയിൽ അവസാനം പ്രമോഷൻ നൽകിയ 20-1-2004-ലെ എൽ.ആർ.ഇ7.-421/04-ാം നമ്പർ നടപടിക്രമത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.†

(ജി) എച്ച്.സി./വി.ഒ./ആർ.ഐ. തസ്തികകളിൽ ഇപ്പോൾ ഒഴിവുകൾ ഒന്നും നിലവിലില്ല.

നെല്ലിയാമ്പതി കരുണ എസ്റ്റേറ്റ്

6 [558] ശ്രീ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി കരുണ എസ്റ്റേറ്റിന്റെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ട്;

(ബി) ഈ എസ്റ്റേറ്റിലെ എത്ര ഏക്കർ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഈ ഭൂമിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) പാലക്കാട് ജില്ലാ കളക്ടർ വിട്ടുകൊടുക്കാൻ പാടില്ല എന്നുപറഞ്ഞ എത്ര ഏക്കർ ഭൂമി അനധികൃതമായി കരുണ എസ്റ്റേറ്റ് കൈവശം വച്ചിട്ടുണ്ട്;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വില്ലേജ് റിക്കാർഡുകൾ പ്രകാരം കരുണ പ്ലാന്റേഷന്റെ പേരിൽ 1,009 ഏക്കർ ഭൂമിയാണുള്ളത്.

(ബി) ഈ ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി, ഇ) ചിറ്റൂർ താലൂക്ക് ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം കരുണ പ്ലാന്റേഷന് 833 ഏക്കർ ഭൂമി കൈവശംവയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഭൂമി (1009-833=176) കരുണ പ്ലാന്റേഷനിൽനിന്നും ഏറ്റെടുത്ത് ഭൂരഹിത കർഷകർക്ക് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് സർക്കാരിനെ അറിയിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly